ഫിഷറീസ് കോർപ്പറേഷൻ

* 86. [258] ശ്രീ. സി. ഗോവിന്ദപ്പണിക്കർ:
,, ടി. കെ. രാമകൃഷ്ണൻ :
,, ഈ. വി. കുമാരൻ :
,, വി. എസ്. അച്യുതാനന്ദൻ :
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യവികസനവുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് കോർപ്പറേഷന്റെ ബോട്ടുകളിൽ മീൻ പിടിക്കുന്നതിനുള്ള അവകാശം ടെണ്ടർമുഖാന്തിരമാണോ നൽകുന്നത്;

(ബി) കഴിഞ്ഞസീസണിലെ ടെണ്ടർതുകയിൽ കുടിശ്ശികവരുത്തിയിട്ടുള്ളവർ ആരൊക്കെയാണ് ;

(സി) കുടിശ്ശികയിനത്തിൽ കഴിഞ്ഞ സീസണിൽ പിരിഞ്ഞുകിട്ടുവാനുള്ള മൊത്തസംഖ്യ എത്ര ?

പഞ്ചായത്തും സാമൂഹ്യക്ഷേമവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി): (എ) അല്ല.

(ബി, സി). ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ : ടെൻഡർപിടിച്ച് പണമടയ്ക്കാത്തവരുടെമേൽ എന്തുനടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്, അവരിൽനിന്നും ഇതുവരെ എന്തുതുക പിരിഞ്ഞുകിട്ടിയിട്ടുണ്ട് ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : ടെൻഡർവിളിച്ചുകൊടുക്കുന്നില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ : കോർപ്പറേഷൻ പ്രവർത്തനമാരംഭിച്ചതിനു ശേഷം ബോട്ടുകൾ ശരിക്കു പ്രവർത്തിക്കാതിരിക്കുകയാണോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : കോർപ്പറേഷന്റെ ബോട്ടുകളാണോ കോർപ്പറേഷൻ വിതരണംചെയ്ത ബോട്ടുകളാണോ ?

ശ്രീ. എ. എസ്. പുരുഷോത്തമൻ: കോർപ്പറേഷൻനേരിട്ടുനടത്തുന്ന ബോട്ടുകൾ.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : പ്രവർത്തിക്കാതെ കിടക്കുന്നതായി അറിവില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : നമ്മുടെ തീരപ്രദേശത്തിനടുത്തു ജപ്പാൻ, റഷ്യ, പാകിസ്ഥാൻ മുതലായ രാജ്യങ്ങളുടെ ബോട്ടുകളും കപ്പലുകളും വന്നു മത്സ്യം പിടിക്കുന്നുണ്ടെന്നും നമ്മുടെ സ്ഥാപനങ്ങളോ വ്യക്തികളോ മീൻ പിടിക്കുന്നില്ലെന്നും ഉള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: നമുക്ക് ഇപ്പോഴും അതിനുള്ള മാർഗ്ഗമില്ല. എന്നാൽ ആഴക്കടലിൽപോയി മത്സ്യംപിടിക്കാനുള്ള ഏർപ്പാടുകൾ നാം ആരംഭിക്കാൻ പോവുകയാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: വിദേശരാജ്യക്കാർ നമ്മുടെ അതിർത്തിയിൽ വന്നു മീൻപിടിക്കുന്നതായി വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. എ. എസ്. പുരുഷോത്തമൻ : കോർപ്പറേഷനിൽ മുൻകാലങ്ങളിൽ നടന്ന അഴിമതികളുടെപേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെപേരിൽ നടപടിയെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : 9 പേരെ സസ്പെൻ ചെയ്തിട്ടുണ്ട്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : ആരൊക്കെയാണെന്നു പറയാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : ഇപ്പോൾ പറയാൻ പറ്റുകയില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : കേന്ദ്രഗവണ്മെന്റു് ചിലസാധനങ്ങളുടെ ഇറക്കുമതി നിരോധിച്ചതുകൊണ്ടു് വിദേശ എഞ്ചിൻ കിട്ടാതെവരുന്നുണ്ടോ, അതു കൊണ്ടു് എന്തെങ്കിലും പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : വിദേശ എഞ്ചിനുകൾ വാങ്ങിക്കാൻ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് വളരെയധികം പ്രയാസങ്ങളുമുണ്ടു്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : ഈ കാർപ്പറേഷൻ ലാഭത്തിലാണോ നഷ്ടത്തിലാണോ നടക്കുന്നതു് ; നഷ്ടമാണെങ്കിൽ എത്ര?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : കഴിഞ്ഞകാലത്തെ പ്രവർത്തനം നഷ്ടത്തിലായിരിക്കുന്നു. 68-69-ലെ റിപ്പോർട്ടാണെങ്കിൽ കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ഈ കാർപ്പറേഷനു് മത്സ്യംപിടിക്കാൻ ട്രോളർ ഇടിക്കാൻപോകുന്നുവെന്നു് പറയുകയുണ്ടായി. എത്രയെണ്ണം കിട്ടിയിട്ടുണ്ടു്, ഏതുസ്ഥലത്താണു് അതു പ്രവർത്തിക്കുന്നതു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : 6 ട്രോളർ വാങ്ങിക്കാൻ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. ഇ. അഹമ്മദു് : ഈ ട്രോളുകളും കോർപ്പറേഷനുമാത്രമാണോ അതോ സ്വകാര്യ ഏജൻസികൾക്കും കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : ഇപ്പോൾ സ്വകാര്യ ഏജൻസികൾക്കു കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ : മത്സ്യവ്യവസായരംഗത്തുള്ള സ്വകാര്യ വ്യവസായികൾക്കു് വമ്പിച്ചരീതിയിലുള്ള ലാഭം ലഭിക്കുമ്പോൾ എന്തുകൊണ്ടാണു് കോർപ്പറേഷനു് നഷ്ടംസംഭവിക്കുന്നതെന്നുള്ള കാര്യം പരിശോധിക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : പരിശോധിച്ചിട്ടുണ്ടു്, അതിന്റെ കാരണം സഭയിൽ പ്രസ്താവിച്ചിട്ടുള്ളതുമാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഓരോ യൂണിറ്റിലും 32 ബോട്ടുകൾ വീതം നിർമ്മിക്കാനുള്ള കപ്പാസിറ്റി ഉണ്ടു്. ഈ വർഷം 8 ബോട്ട് നിർമ്മിക്കാനുള്ള പദ്ധതിയേ ഫിഷറീസു് ഡിപ്പാർട്ടുമെന്റു് ആവശ്യപ്പെട്ടിട്ടുള്ളൂ. അതുകൊണ്ടു് ബാക്കിവരുന്ന അഞ്ചെട്ടു മാസക്കാലം ഫിഷറീസു് കോർപ്പറേഷനിലെ തൊഴിലാളികൾക്കു ജോലി കൊടുക്കുന്നതിനു് വല്ല പദ്ധതിയും ഗവണ്മെന്റു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : കൂടുതൽ ബോട്ട് നിർമ്മിക്കാനുള്ള പദ്ധതി ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ഇക്കൊല്ലം നമ്മുടെ ബഡ്ജറ്റിൽ അനുവദിച്ച സംഖ്യ തുലോം തുച്ഛമായതുകൊണ്ടു് കൂടുതൽ എഞ്ചിൻ വാങ്ങാൻകഴിയുകയില്ല. അതുകൊണ്ടാണു് കൂടുതൽ ബോട്ടുകൾ ഉണ്ടാക്കാൻ കഴിയാത്തതു്.

ശ്രീ. കെ. ടി. ജോർജ്ജു് : കോർപ്പറേഷന്റെ പ്രവർത്തനത്തിൽ അഴിമതിയുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുകൊണ്ടു് സമഗ്രമായ ഒരു അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹാ ഹാജി : അന്വേഷണം നടത്തിയതിന്റെ ഫല മായിട്ടാണ് നടപടികളെടുത്തിട്ടുള്ളത് .

ശ്രീ. കെ. എ. ശിവരാമഭാരതി : ഫിഷറീസ് കോർപ്പറേഷന്റെ പ്രവർത്തന ത്തിൽ ഇപ്പോഴും നഷ്ടമാണുള്ളത്. ആ നഷ്ടം നികത്തുന്നതിനാവശ്യമായ പരി പാടികളെന്തെങ്കിലും ഗവണ്മെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി : കഴിഞ്ഞ കാലങ്ങളിൽ വന്ന നഷ്ട ത്തിന്റെ പ്രായോഗിക വശം മനസ്സിലാക്കി അത് പരിഹരിക്കാനുള്ള പല പദ്ധതി കളും ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : കോർപ്പറേഷന്റെ ഏതെങ്കിലും ട്രോളർ കരം വാടകയ്ക്ക് കൊടുത്തിട്ടുണ്ടോ എന്ത് കൊണ്ടാണ് കോർപ്പറേഷൻ എല്ലാ ട്രോളറുകളും സ്വന്തം നടത്താത്തത്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : താനൂരിലുള്ള ഒരു ട്രോളർമാത്രം വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. അത് വളരെക്കാലമായി നഷ്ടത്തിലായതുകൊണ്ടാണ് വാടകയ്ക്ക് കൊടുത്തത്. ഒരു കൊല്ലത്തേക്കാണ് ഇപ്പോഴം കൊടുത്തിട്ടുള്ളത്.

## ട്രാൻസ്പോർട്ടസർവ്വീസിൽ ജോലി

* 87. [259.] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽവന്നതിനുശേഷം ഇതുവരെ സ്റ്റേറ്റ് ട്രാൻസ് പോർട്ട് സർവ്വീസിൽ എത്രപേർക്ക് പുതുതായി ജോലി നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ ജോലി ലഭിച്ചവരുടെ ഒരു ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ) 1-4-1967 മുതൽ 31-7-1969 വരെ 2857 പേർക്ക് ജോലിനൽകിയിട്ടുണ്ട്.

(ബി) ലിസ്റ്റ് ഇതിനോടനുബന്ധിച്ചുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ എന്നാണ് ചോദ്യം. എനിക്ക് ലിസ്റ്റ് കിട്ടിയിട്ടില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ലിസ്റ്റ് വായിക്കാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, രണ്ടായിരത്തിൽപരം ആളുകളുടെ ലിസ്റ്റ് വായിക്കാമെന്ന പറഞ്ഞാൽ എങ്ങനെയാണ്? ലിസ്റ്റ് എനിക്ക് കിട്ടി യിട്ടില്ല. അത് കിട്ടാനുള്ള ഏർപ്പാടുണ്ടാക്കണം.

(ഉത്തരം പറഞ്ഞില്ല)

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, രണ്ടായിരത്തിൽപരം ആളുകളെ നിയ മിച്ചു എന്ന പറഞ്ഞു. അതിൽ കുറിക്കൽ വിഭാഗത്തിലും കണ്ടക്ടർ വിഭാഗത്തിലും ഉള്ളത് എത്രയെന്ന പറയാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ലിസ്റ്റ് ആകെ വായിച്ചാൽ ഓരോ വിഭാഗ ത്തിലുള്ളതും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly